# പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**പുതുക്കോട് സർവ്വജന ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ പ്രവർത്തനം**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1012 | 13.06.2013 -ൽ മറുപടിക്ക് |
|---|---|
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. എ.കെ.ബാലൻ | **ശ്രീ. പി.കെ. അബ്ദു റബ്ബ് , വിദ്യാഭ്യാസ വകുപ്പ് മന്ത്രി** |
| (എ) തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ ഇപ്പോഴത്തെ മാനേജർ ആരാണ്; സ്ക്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തികൊണ്ടു പോകുന്നതിന് നിലവിൽ മാനേജരുടെ ചുമതല വഹിക്കുന്നവർ കാര്യമായി ശ്രദ്ധിക്കുന്നില്ലാ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 04/02/2009 ലെ സ. ഉ(സാധാ) നം.572/08/പൊ.വി.വ പ്രകാരം പാലക്കാട് ഉപവിദ്യാഭ്യാസ ഡയറക്ടറെ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ പുതുക്കോട് സർവ്വജന ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ എക്സ് ഒഫിഷ്യോ മാനേജരായി തുടരാൻ അനുവദിച്ചിട്ടുണ്ട്. ഇല്ല. |
| (ബി)സ്ക്കൂളിൽ ഹയർ സെക്കണ്ടറി അനുവദിച്ചിട്ടും ഇതിനായുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനും, അനുവദിപ്പിക്കാനും മാനേജ്മെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) 24/10/2011 ലെ സ.ഉ(കൈ) നം.211/11/പൊ.വി.വ പ്രകാരം ഒന്നാം വർഷ അദ്ധ്യാപക തസ്തികകളും 23/02/2013 ലെ സ. ഉ(കൈ) നം.76/13/പൊ.വി.വ പ്രകാരം രണ്ടാം വർഷ അദ്ധ്യാപക തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി)2013-14 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിനും അദ്ധ്യാപക നിയമനത്തിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (സി) 2013-14 അദ്ധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനം ഏകജാലകം വഴി പൂർത്തിയാക്കുന്നതാണ്. അദ്ധ്യാപക തസ്തികകൾ അനുവദിച്ചതിലേക്ക് അപ്രൂവൽ നൽകുന്നതിനായി ബന്ധപ്പെട്ട എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ